# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 1060 — 08.01.2014 ൽ മറുപടിക്ക്

## ആലപ്പുഴ ജില്ലയിലെ ടൂറിസം സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ആർ.രാജേഷ്** | **ശ്രീ. എ.പി.അനിൽകുമാർ (ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| എ) ആലപ്പുഴ ജില്ലയിലെ ടൂറിസം വികസനത്തിന്റെ ഭാഗമായി സ്ഥാപനങ്ങൾ എവിടെല്ലാം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) ആലപ്പുഴ ജില്ലയിലെ ടൂറിസം വികസനത്തിന്റെ ഭാഗമായി ജില്ലാ ടൂറിസം പ്രെമോഷൻ കൗൺസിൽ, (കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിന് പടിഞ്ഞാറു വശം, ആലപ്പുഴ) ടൂറിസം ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് (ആലപ്പുഴ പുന്നമട ഫിനിഷിംഗ് പോയിന്റ്, ആലപ്പുഴ) എന്നീ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. |
| ബി) പ്രവർത്തനം നിലച്ചതോ, നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിക്കാത്തതോ ആയ എത്ര സ്ഥാപനങ്ങൾ എവിടെല്ലാമുണ്ടെന്ന് അറിയിക്കുമോ ; | ബി) ടൂറിസം മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിക്കാത്തതും പ്രവർത്തനം നിലച്ചതുമായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. |
| സി) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്കും സ്വകാര്യ സംരംഭകർക്കും ടൂറിസം വകുപ്പ് എന്തെല്ലാം പ്രോത്സാഹനവും സഹായവും ലഭ്യമാക്കുന്നുണ്ടെന്ന് വിശദമാക്കുമോ ? | സി) ടൂറിസം രംഗത്തെ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് താഴെപ്പറയുന്ന ടൂറിസം യൂണിറ്റുകൾക്ക് മൂലധന നിക്ഷേപത്തിന്റെ 10% സബ്സിഡിയും (പരമാവധി 10 ലക്ഷം രൂപ വരെ) ഇലക്ട്രിസിറ്റി താരിഫ് സബ്സിഡിയും നൽകി വരുന്നു. കൂടാതെ പരിസ്ഥിതി സൗഹൃദ നിക്ഷേപങ്ങൾക്ക് 15% സബ്സിഡി മാക്സിമം 5 ലക്ഷം രൂപയും നൽകുന്നു.<br>1. ക്ലാസിഫൈഡ് ഹോട്ടലുകൾ.<br>2. മോട്ടലുകൾ<br>3. അംഗീകൃത റസ്റ്റോറന്റുകൾ |

4. അമ്യൂസ്മെന്റ് പാർക്ക്
5. ടൂറിസം വകുപ്പ് അംഗീകരിച്ച റിക്രിയേഷൻ സെന്ററുകൾ
6. ടൂറിസം കേന്ദ്രങ്ങളിലെ റോപ് വേയ്സ്.
7. അംഗീകൃത ടൂർ ഓപ്പറേറ്റർമാർക്ക് ലക്ഷ്വറി കാറുകൾ, കോച്ചുകൾ, ബോട്ടുകൾ, എയർക്രാഫ്റ്റുകൾ എന്നിവ വാങ്ങുന്നതിന്
8. കേരളത്തിലെ പരമ്പരാഗത കലാരൂപങ്ങൾ, കളരിപ്പയറ്റ് എന്നിവ പഠിക്കുന്നതിന് സ്കൂളുകൾക്കോ, മറ്റു സ്ഥാപനങ്ങൾക്കോ കൂത്തമ്പലം, ഓഡിറ്റോറിയം എന്നിവ നിർമ്മിക്കുന്നതിന്.
9. ഗ്ലൈഡിംഗ്, ട്രക്കിംഗ്, സർഫിംഗ് തുടങ്ങിയവ പോലുള്ള ടൂറിസം പ്രാധാന്യമുള്ള പ്രവർത്തനങ്ങൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക്.
10. ടൂറിസം പ്രാധാന്യമുള്ള ആയുർവേദ സെന്ററുകൾക്ക്.
11. പരമ്പരാഗത രീതിയിലുള്ള ചുണ്ടൻ വള്ളം, കെട്ടുവള്ളം, ഹൗസ്ബോട്ടുകൾ എന്നിവ നിർമ്മിക്കുന്നതിനായി.
12. കേന്ദ്ര സംസ്ഥാന ടൂറിസം വകുപ്പുകൾ അംഗീകരിച്ച ഹാന്റിക്രാഫ്റ്റ്സിനു മാത്രമായിട്ടുള്ള എമ്പോറിയം.
13. ഗൃഹസ്ഥലി പദ്ധതി (പുരാതനവും ടൂറിസം പ്രാധാന്യവുമുള്ള വീടുകളുടെ മെയിന്റനൻസ്) 25% സബ്സിഡി (പരമാവധി 5 ലക്ഷം രൂപ വരെ)
14. വഴിയോരം പദ്ധതി 25% സബ്സിഡി (പരമാവധി 5 ലക്ഷം രൂപ വരെ)
15. ഫാം ടൂറിസം പദ്ധതി (പരമാവധി 5 ലക്ഷം രൂപ വരെ)

സെക്ഷൻ ഓഫീസർ